ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിൻറെ വളർച്ചയെ നയിക്കുന്നത് സമുദ്ര മേഖലയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi today said, Maritime sector is driving India's growth. PM address the Maritime Leaders Conclave organized under the India Maritime Week 2025.**

2. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിന് നാഷണൽ വോട്ടർ ഹെൽപ്പ് ലൈൻ ആരംഭിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The campaigning for Assembly elections in Bihar gain momentum. The Election Commission has activated the National Voter Helpline with an aim to address all queries and grievances of citizens.**

3. കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട് ആശങ്ക വേണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ. വിഷയത്തിൽ നവംബർ 5 ന് സർവകക്ഷിയോഗം വിളിച്ച് സംസ്ഥാന സർക്കാർ.

In Kerala, the Chief Electoral Officer stated that there is no need for concern regarding the Special Intensive Revision(SIR) of electoral rolls. The state government has convened an all-party meeting on the matter on $5^{th}$ November.

4. നെടുമ്പാശ്ശേരി എയർപോർട്ട് റെയിൽവേ സ്റ്റേഷൻ നിർമാണത്തിന് റെയിൽവേ ബോർഡിൻ്റെ അനുമതി ലഭിച്ചതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

Union Minister of State George Kurian said that the Railway Board has granted approval for the construction of the Nedumbassery Airport railway station.

5. കേരളത്തിൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

There is a possibility of heavy rainfall in some parts of Kerala. Fishing has been banned along the Karnataka coast today and tomorrow.

6. ഇന്ത്യ - ഓസ്ട്രേലിയ ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരം മഴ മൂലം ഉപേക്ഷിച്ചു. വനിത ലോകകപ്പ് ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇംഗ്ലണ്ടിന് 320 റൺ വിജയലക്ഷ്യം.

**The first match of the India–Australia T20 series was called off due to rain. And in the first semifinal of the Women's World Cup, England has a target of 320 runs against South Africa.**

❁❁❁❁❁❁❁❁❁❁❁❁❁

## PRESIDENT RAFALE

റഫാൽ യുദ്ധവിമാനത്തിൽ പറന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഹരിയാനയിലെ അംബാല വ്യോമത്താവളത്തിൽ നിന്നായിരുന്നു രാഷ്ട്രപതിയുടെ യാത്ര. വ്യോമസേനാ മേധാവി എ.പി സിങ്ങും, മുതിർന്ന ഉദ്യോഗസ്ഥരും ചേർന്നാണ് രാഷ്ട്രപതിയെ അംബാല വ്യോമത്താവളത്തിലേക്ക് സ്വീകരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## PM- MARITIME (INTRO)

രാജ്യത്തിൻറെ വളർച്ചയെ നയിക്കുന്നത് സമുദ്ര മേഖലയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ദശകത്തിൽ ഈ മേഖലയിൽ ഗണ്യമായി പരിവർത്തനം നടന്നതായി പ്രധനമന്ത്രി അറിയിച്ചു.

(ഹോൾഡ് ) വോയ്സ്
ഇന്ത്യയിൽ നിർമ്മിച്ച കപ്പലുകൾ ആഗോള വ്യാപാരത്തിൻറെ പ്രധാന കേന്ദ്രമാണെന്നും ശ്രീ നരേന്ദ്ര മോദി പറഞ്ഞു .

❁❁❁❁❁❁❁❁❁❁❁❁❁

## PM– VISIT TO GUJARAT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഗുജറാത്തിൽ എത്തും. കെവാഡിയയിലെ ഏകതാ നഗറിൽ 1,140 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. വെള്ളിയാഴ്ച നടക്കുന്ന രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി സർദാർ പട്ടേൽ പ്രതിമയിൽ പുഷ്പാർച്ചന നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA CHINA MEETING

അതിർത്തി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ തുടരാൻ ഇന്ത്യ-ചൈന ധാരണ. ഈ മാസം 25 ന് ചുഷുൽ-മോൾഡോ അതിർത്തിയിൽ നടന്ന 23-ാമത് ഇന്ത്യ-ചൈന കോർപ്സ് കമാൻഡർ തല യോഗത്തിലാണ് തീരുമാനം. അതിർത്തി മേഖലയിലെ സ്ഥിതി സമാധാനപരമാണെന്ന് യോഗം വിലയിരുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR-EU TRADE

യൂറോപ്യൻ പാർലമെന്റിന്റെ അന്താരാഷ്ട്ര വ്യാപാര സമിതിയിലെ പ്രതിനിധി സംഘം വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ- യൂറോപ്യൻ യൂണിയൻ സഹകരണം വർദ്ധിപ്പിക്കുന്നത് ചർച്ച ചെയ്തതായി അദ്ദേഹം സമൂഹമാധ്യമത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## BIHAR ELECTION

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. ബിജെപി മുതിർന്ന നേതാക്കളായ അമിത് ഷാ, രാജ് നാഥ് സിങ്ങ്, യോഗി ആദിത്യനാഥ്, തുടങ്ങിയവർ പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്തു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും, ആർജെഡി നേതാവ് തേജസ്വി യാദവും മഹാസഖ്യത്തിന്റെ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. 243 അംഗ ബിഹാർ നിയമസഭയിലേക്ക് അടുത്ത മാസം 6, 11 തീയതികളിലായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## EC-HELPLINE

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിന് നാഷണൽ വോട്ടർ ഹെൽപ്പ് ലൈനുകളും 36 സംസ്ഥാന, ജില്ലാ തല ഹെൽപ്പ് ലൈനുകളും സജ്ജമാക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും വേണ്ടിയുള്ള കേന്ദ്ര ഹെൽപ്പ് ലൈനായി നാഷണൽ കോൺടാക്റ്റ് സെന്റർ പ്രവർത്തിക്കും. രാവിലെ 8 മുതൽ രാത്രി 8 വരെ 1800-11-1950 എന്ന ടോൾ ഫ്രീ നമ്പറിലൂടെയാണ് പ്രവർത്തനം.

## MODEL YOUTH GRAM SABHA

പഞ്ചായത്തിരാജ് മന്ത്രാലയം നാളെ ന്യൂഡൽഹിയിൽ മാതൃക യുവജന ഗ്രാമസഭ സംഘടിപ്പിക്കും. കേന്ദ്ര സഹമന്ത്രിമാരായ എസ്. പി. സിംഗ് ബാഗേൽ, ദുർഗാദാസ് ഉയ്കി എന്നിവർ ചടങ്ങിൽ സംബന്ധിക്കും. 650 ലധികം പ്രതിനിധികൾ ഗ്രാമസഭയിൽ പങ്കെടുക്കും.

## E-VIDHAN CONFERENCE

കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രാലയം ദേശീയ ഇ-വിദാൻ അപേക്ഷ - നേവയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന മൂന്നാമത് ദേശീയ സമ്മേളനം നാളെ ആരംഭിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നേവ

നടപ്പാക്കിയതിന്റെ അവലോകനം നടക്കും. നിയമനിർമാണ പ്രക്രിയയിൽ നിർമിത ബുദ്ധി ഉപയോഗിക്കുന്നതിനെ കറിച്ചും ചർച്ച നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## MARINE -CENSUS

സമുദ്രമത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള ദേശീയ മറൈൻ ഫിഷറീസ് സെൻസസ് അടുത്ത മാസം 3 മുതൽ ഡിസംബർ 18 വരെ നടക്കും. രാജ്യത്തെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും ലക്ഷദ്വീപ് ,ആൻഡമാൻ ഉൾപ്പെടെയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളിലുമാണ് സെൻസസ് നടക്കുന്നത്.

12 ലക്ഷത്തിൽ പരം മത്സ്യ തൊഴിലാളി കുടുംബങ്ങളെ ഉൾകൊള്ളുന്ന ഈ വിവര ശേഖരണ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## PM- JAPANESE COUNTERPART

പ്രധാനമന്ത്രി നരേന്ദ്ര മോദി ജാപ്പനീസ് പ്രധാനമന്ത്രി സനായെ തകായിച്ചിയുമായി ടെലഫോണിൽ ആശയവിനിമയം നടത്തി. പ്രധാനമന്ത്രി സ്ഥാനമേറ്റെടുത്തതിന് തകായിച്ചിയെ ശ്രീ നരേന്ദ്ര മോദി അഭിനന്ദിച്ചു. സാമ്പത്തിക സുരക്ഷ, പ്രതിരോധ

സഹകരണം, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തന്ത്രപരവും ആഗോളവുമായ ഇന്ത്യ-ജപ്പാൻ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള കാഴ്ചപ്പാടുകൾ ഇരു നേതാക്കളും ചർച്ച ചെയ്തു.

## GST REFORMS- MADHYA PRADESH

മധ്യപ്രദേശിലെ ജിഎസ്ടി ബചത് ഉത്സവ് വിപണിക്ക് പുത്തൻ ഉണർവേകി. മധ്യപ്രദേശിലെ കർഷകർക്കും, കരകൗശല വിദഗ്ധർക്കും, ബിസിനസുകൾക്കും ഇത് ആശ്വാസമേകി . ഇൻഡോറിലെയും ഗ്വാളിയോറിലെയും വ്യാവസായിക യൂണിറ്റുകളെ പുതിയ പരിഷ്കാരങ്ങൾ ശക്തിപ്പെടുത്തുന്നതായാണ് വിലയിരുത്തൽ .

## CEO-KERALA

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണം സംബന്ധിച്ച് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടികളുമായി ചർച്ച നടത്തി. ദേശീയ - സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവും തദ്ദേശ ഭരണ സ്ഥാപന തെരഞ്ഞെടുപ്പും ഒരുമിച്ചു വരുന്നതിൽ ആശങ്കയുണ്ടെന്ന് ചില രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ യോഗത്തിൽ ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ പ്രായോഗിക

ബുദ്ധിമുട്ടുകൾ ഉണ്ടാകില്ലെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു ഖേൽകർ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## CM KERALA (INTRO)

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച തുടർന്ന് നടപടികൾ ആലോചിക്കുന്നതിനായി സർവകക്ഷി യോഗം വിളിച്ച് കേരള സർക്കാർ. അടുത്ത മാസം 5ന് യോഗം ചേരുമെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവെ മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. പി.എം ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വിലയിരുത്തലിനായി വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ ഏഴംഗ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചതായും അദ്ദേഹം പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## CM PRESS MEET

സംസ്ഥാനത്ത് സാമൂഹിക ക്ഷേമ പെൻഷൻ 1,600 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ള 35 നും 60 നുമിടയിൽ പ്രായമുള്ള അർഹരായ സ്ത്രീകൾക്ക് പ്രതിമാസം 1000 രൂപ സ്ത്രീ സുരക്ഷാ പെൻഷൻ അനുവദിക്കാനും തീരുമാനിച്ചു. സാമൂഹ്യ ക്ഷേമ പദ്ധതികളിൽ

ഗുണഭോക്താക്കൾ അല്ലാത്ത ട്രാൻസ് വുമൺ അടക്കമുള്ളവർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. യുവതലമുറയ്ക്ക് കണക്ട് ടു വർക്ക് സ്കോളർഷിപ്പായി പ്രതിമാസം 1,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയും നടപ്പാക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

## NEDUMBASSERY RAILWAY

നെടുമ്പാശ്ശേരി എയർപോർട്ട് റെയിൽവേ സ്റ്റേഷൻ നിർമാണത്തിന് കേന്ദ്ര റെയിൽവേ ബോർഡിൻ്റെ അനുമതി. സ്റ്റേഷനു വേണ്ടിയുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് കൂടിക്കാഴ്ചയിൽ ഉറപ്പ് നൽകിയിരുന്നതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ അറിയിച്ചു. ഉചിതമായ നടപടികൾ സ്വീകരിച്ച പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കാസർഗോഡ് വിവിധ പരിപാടികളിൽ പങ്കെടുക്കും. തളങ്കര, തുറമുഖം അദ്ദേഹം സന്ദർശിക്കും. കാസർകോട് കേന്ദ്ര

സർവകലാശാല യുടെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനവും കേന്ദ്ര മന്ത്രി നിർവഹിക്കും

## CRICKET-IND VS AUS-T20

ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരം മഴ മൂലം ഉപേക്ഷിച്ചു. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ ഇന്ത്യ 9.4 ഓവറിൽ ഒന്നിന് 97 എന്ന നിലയിൽ നിൽക്കെയാണ് മത്സരം റദ്ദാക്കിയത്. നേരത്തെ അഞ്ചാം ഓവറിന് ശേഷം മഴയെ തുടർന്ന് മത്സരം 18 ഓവറാക്കി ചുരുക്കിയിരുന്നു. പരമ്പരയിലെ രണ്ടാം മത്സരം മറ്റന്നാൾ മെൽബണിൽ നടക്കും.

## WOMEN WORLD CUP

വനിത ലോകകപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇംഗ്ലണ്ടിന് 320 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക നിശ്ചിത 50 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 319 റൺ എടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 10 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 34 റൺ എന്ന നിലയിലാണ്.

## KERALA RAIN

കേരളത്തിൽ ചിലയിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത. 5 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## ODISHA-CYCLONE

ഒഡീഷയിലെ 33 ബ്ലോക്കുകളിലും 11 നഗരപ്രദേശങ്ങളിലും നാശം വിതച്ച് മോൻ താ ചുഴലിക്കാറ്റ്. ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്നവർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ അറിയിച്ചു. പൊതു അടിസ്ഥാന സൗകര്യങ്ങൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾ നാളെ മുതൽ വിലയിരുത്തുമെന്ന് സർക്കാർ അറിയിച്ചു.

## ARATTU-TVPM

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട് ഘോഷയാത്ര നടക്കുന്നതിനാൽ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി 9 വരെ തിരുവനന്തപുരം വിമാനത്താവളത്തിൽ വിമാന സർവീസുകൾക്ക് നിയന്ത്രണമുണ്ടാകും. നഗരത്തിൽ

നാളെ വൈകുന്നേരം 3 മുതൽ രാത്രി 10 വരെ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

## SIVANKUTI

കേരളത്തിൽ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷാ തിയതികൾ പ്രഖ്യാപിച്ച് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. എസ്.എസ്.എൽ.സി പരീക്ഷ 2026 മാർച്ച് 5 മുതൽ 30 വരെ നടക്കും. 4 ലക്ഷത്തി 25,000 കുട്ടികളാണ് ഇത്തവണ പരീക്ഷ എഴുതുന്നത്. മേയ് 8 നായിരിക്കും ഫലപ്രഖ്യാപനം.